## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5659** **09/07/2012 -ൽ മറുപടിക്ക്**

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പ് നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ 'സമഗ്രവിദ്യാഭ്യാസ പദ്ധതി' നടപ്പാക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിദ്യാഭ്യാസ മേഖലയിൽ എന്ത് പരിഷ്കാരമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾക്കൊപ്പം എം.എൽ.എ. മാരുടെ വികസന ഫണ്ടും കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസ മേഖലയിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്താനോ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനോ ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും വിശദമാക്കുമോ; | (സി) ഉണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ ഉറപ്പാക്കാനുള്ള സമഗ്രവിദ്യാഭ്യാസ പുരോഗതിയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ഡി) എന്നുമുതലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഈ പദ്ധതിക്കുള്ള ഫണ്ടിംഗ് ഏതുരീതിയിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതല നിർവ്വഹണസമിതിയുടേയും നിയോജക മണ്ഡലം സംഘാടക സമിതിയുടേയും, മുനിസിപ്പൽ/പഞ്ചായത്ത് തല കമ്മിറ്റിയുടേയും ഘടന 28/11/2011-ൽ നിലവിൽ വന്നു. പദ്ധതിയുമായി സഹകരിക്കാൻ മുന്നോട്ട് വന്നിട്ടുള്ള എം.എൽ.എ. മാരുടെ നിയോജകമണ്ഡലങ്ങളിൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു. എം.എൽ.എ. വികസന ഫണ്ട്, ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകളുടെ സഹായം എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ